പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2273 13.02.2013-ൽ മറുപടിയ്ക്ക്

## സ്ട്രീറ്റ് ലൈറ്റും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ. ദാസൻ : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | പരിഷ്കരിച്ച കെ.എസ്.ഇ.ബി നടപടിക്രമമനുസരിച്ച് സംസ്ഥാനത്ത് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വലിയ തുക ബോർഡിൽ അടയ്ക്കേണ്ടുന്ന സാഹചര്യം കാരണം പല പഞ്ചായത്തുകൾക്കും ബുദ്ധിമുട്ടുണ്ടാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് കാരണം പല പഞ്ചായത്തുകളിലും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിൽ പഞ്ചായത്ത് തലത്തിൽ നടപടികൾ ഉണ്ടാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് കെ.എസ്.ഇ.ബി. നിലവിലുള്ള നടപടി ക്രമമൊന്നും പരിഷ്കരിച്ചിട്ടില്ല. എന്നാൽ സ്ട്രീറ്റ് ലൈറ്റുകളുടെ അറ്റകുറ്റ പണിയും പരിപാലനവും അതോടൊപ്പം മീറ്ററിംഗ് സമ്പ്രദായവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചുകൊണ്ട് 15-09-2011-ലെ 3055/ഡിഎ3/2011/തസ്വഭവ നമ്പർ സർക്കുലർ, 27-03-2011-ലെ 67206/ഡിഎ3/2011/തസ്വഭവ നമ്പർ ഉത്തരവ്, 07-07-2010-ലെ 43742/ഡിസി3/2010/തസ്വഭവ നമ്പർ ഉത്തരവ് എന്നിവ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു നടപ്പാക്കിക്കൊണ്ട് 17-05-2012-ൽ വൈദ്യുതി ബോർഡ് ഉത്തരവു പുറപ്പെ ടുവിച്ചു. നിശ്ചിത സമയത്ത് ഓട്ടോമാറ്റിക്ക് ഓൺ / ഓഫ് ചെയ്യുന്നതിലേക്കുള്ള ടൈമർ ഉൾപ്പെടെയുള്ള സ്ട്രീറ്റ് ലൈറ്റ് മീറ്ററിംഗ് സംവിധാനത്തിന് 10,600/- രൂപ ആണ് വൈദ്യുതി ബോർഡ് കണക്കാക്കിയിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്ട്രീറ്റ് ലൈറ്റുകൾക്ക് 31.03.2013 ന് മുമ്പ് മീറ്ററിംഗ് സംവിധാനം സ്ഥാപിക്കുകയാണെങ്കിൽ ആയതിലേയ്ക്ക് വേണ്ടി വരുന്ന തുകയുടെ 50% കേരള സംസ്ഥാന വൈദ്യുതി ബോർഡ് വഹിക്കുന്നതാണ്. |
| (ബി) | എങ്കിൽ, സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനും നിലവിലുള്ള നടപടികൾ ലഘൂകരിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തികഭാരം ലഘൂകരിക്കുന്നതിനാണ് പ്രസ്തുത സംവിധാനത്തിന് ആവശ്യമായി വരുന്ന തുകയുടെ 50%, 31.03.2013 വരെ സംസ്ഥാന വൈദ്യുതി ബോർഡ് വഹിക്കാൻ തയ്യാറായത്. |

സെക്ഷൻ ഓഫീസർ.